# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2783 | 27/01/2014 -ൽ മറുപടിക്ക്

## കർഷകത്തൊഴിലാളികളുടെ പ്രശ്നങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി.റ്റി.എ.റഹീം | ശ്രീ. ഷിബു ബേബിജോൺ (തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി) |
| (എ) ഈ സർക്കാരിന്റെ കീഴിൽ കർഷക ത്തൊഴിലാളികളുടെ സ്ഥിതി ശോചനീയമാണെന്നും മുൻ സർക്കാർ നൽകിയ ആനുകൂല്യങ്ങൾ പോലും ഈ സർക്കാർ നിഷേധിക്കുന്നുവെന്നും എസ്.റ്റി.യു വാർത്താസമ്മേളനത്തിൽ ആരോപിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഇല്ല. |
| (ബി) മുൻ സർക്കാരിന്റെ കാലത്ത് കർഷകത്തൊഴിലാളി ക്ഷേമനിധിയിൽ അംഗമായ എ.പി.എൽ കാർഡ് ഉടമകൾക്ക് രണ്ടു രൂപ നിരക്കിൽ അരി നൽകിയിരുന്നത് ഈ സർക്കാർ നിർത്തലാക്കിയത് എന്തുകൊണ്ടാണ്; വ്യക്തമാക്കുമോ; | (ബി) കർഷകത്തൊഴിലാളി ക്ഷേമനിധിയിൽ അംഗമായ എ.പി.എൽ കാർഡ് ഉടമകൾക്ക് രണ്ടു രൂപ നിരക്കിൽ അരി നൽകിയിരുന്നത് ഈ സർക്കാർ നിർത്തലാക്കിയിട്ടില്ല. പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി സ്വയം സത്യവാങ്മൂലം നൽകിയാൽ മാത്രം മതിയായിരുന്നു. എന്നാൽ ഈ സർക്കാർ സത്യവാങ്മൂലത്തോടൊപ്പം ഫോട്ടോ പതിപ്പിച്ച സത്യവാങ്മൂലം സമർപ്പിക്കണം എന്നുമാത്രമാണ് നിർബന്ധമാക്കിയത്. മാത്രമല്ല, 11/8/2011 -ന് മുമ്പ് ഫോട്ടോ പതിച്ച് സത്യവാങ്മൂലം സമർപ്പിച്ചവരെയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തുവാൻ അനുവാദം ഉണ്ടായിരുന്നത്. പുതുതായി അപേക്ഷകരെ ഈ പദ്ധതിയിൽ ഇപ്പോൾ ഉൾപ്പെടുത്തുന്നില്ല. |

| | | |
|---|---|---|
| (സി) | തൊഴിൽ വകുപ്പിലെ അഴിമതി തടയുന്നതിനും, അനുബന്ധ ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനും നടപടി സ്വീകരിക്കുമോ? | (സി) ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായി മുൻ ലേബർ കമ്മീഷണർ ശ്രീനിവാസൻ കമ്മിഷന്റെ റിപ്പോർട്ടിന്റെ വെളിച്ചത്തിൽ നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ

JSK/